**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803</u>** **<u>28-01-2026 - ൽ മറുപടിയ്ക്ക്</u>**

**<u>വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യൂ ടി. തോമസ്</td><td colspan="2">ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരളത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>കേരളത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതു വഴി സംസ്ഥാന ത്തിനുണ്ടാകുന്ന നേട്ടങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.<br><br>1. വ്യാപാരവും കയറ്റുമതിയും വർദ്ധിപ്പിക്കൽ
<ul>
<li>പ്രതിവർഷം 3 ദശലക്ഷം TEU-കൾ വരെ കൈകാര്യം ചെയ്യാൻ കഴിയുന്നതോടെ, വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ കയറ്റുമതി സാധ്യതകൾ ഗണ്യമായി വർധിക്കും. ഇത് കാർഷിക ഉൽപ്പന്നങ്ങൾ, സമുദ്രോത്പന്നങ്ങൾ, എന്നിവയുടെ കയറ്റുമതി കൂടുതൽ കാര്യക്ഷമമാക്കുകയും, ആഗോള വിപണിയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും ചെയ്യും.</li>
<li>വിദേശ ട്രാൻസ്ഷിപ്മെന്റ് ഹബ്ബുകളിലുള്ള ആശ്രയത്വം കുറയുന്നത് ലോജിസ്റ്റിക്സ് ചെലവുകളും കാലതാമസവും കുറയ്ക്കാൻ സഹായിക്കും. ഇത് കേരളത്തിലെ കയറ്റുമതിക്കാർക്ക് കൂടുതൽ മത്സരക്ഷമത നൽകും.</li>
<li>സമുദ്ര വ്യാപാര-ലോജിസ്റ്റിക്സ് ഹബ്ബായി മാറാനുള്ള സാധ്യത.</li>
<li>വിഴിഞ്ഞത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറാൻ സാധിക്കുന്ന താണ്. ഇത് തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ വലിയ നിക്ഷേപങ്ങൾ ആകർഷിക്കും.</li>
</ul></td></tr>
</table>

| | | | |
|---|---|---|---|
| | | | • ഇതുവഴി തുറമുഖത്തിന് ചുറ്റും വ്യാവസായിക ക്ലസ്റ്ററുകളും നിർമാണ കേന്ദ്രങ്ങളും രൂപപ്പെടുകയും, അത് സാമ്പത്തിക വൈവിധ്യവൽക്കരണത്തിന് ശക്തി പകരുകയും ചെയ്യും.<br>• **വർദ്ധിച്ച തൊഴിലവസരങ്ങളും നൈപുണ്യ വികസനവും**<br>• തുറമുഖത്തിന്റെ വികസനം കാർഗോ കൈകാര്യം ചെയ്യൽ, ഷിപ്പിംഗ് സേവനങ്ങൾ, ലോജിസ്റ്റിക്സ്, ഗതാഗതം, തുറമുഖ പരിപാലനം തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.<br>• തുറമുഖവുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ പ്രാദേശിക തൊഴിലാളികളെ ശാക്തീകരിക്കുകയും, തൊഴിലില്ലായ്മ കുറയ്ക്കുകയും, പ്രത്യേകിച്ച് തീരദേശ സമൂഹങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.<br>• **പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കും കണക്ടിവിറ്റിക്കും ഉത്തേജനം.**<br>• വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം റോഡ്, റെയിൽ, മൾട്ടിമോഡൽ കണക്ടിവിറ്റി എന്നിവയിൽ മെച്ചപ്പെടുത്തലുകൾക്ക് വഴിയൊരുക്കും. ഇത് കേരളത്തിന്റെ ഉൾപ്രദേശങ്ങളെ ദേശീയ, അന്തർദേശീയ വിപണികളുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കും.<br>• മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം, റീട്ടെയിൽ, റിയൽ എസ്റ്റേറ്റ് തുടങ്ങിയ അനുബന്ധ മേഖലകളിലെ വളർച്ചയ്ക്ക് ഉത്തേജനം നൽകും. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടെ എത്രമാത്രം തൊഴിൽ ലഭ്യത ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടെ തുറമുഖാധിഷ്ഠിത പദ്ധതികളിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | വിഴിഞ്ഞം പദ്ധതിയുടെ സാറ്റലൈറ്റ് പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | വ്യാപാരവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ<br>• സമുദ്ര വ്യാപാര-ലോജിസ്റ്റിക്സ് ഹബ്ബ്<br>• നൈപുണ്യ വികസന പദ്ധതികൾ<br>• പ്രാദേശിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ |

സെക്ഷൻ ഓഫീസർ